"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പുതൂർ ഗ്രാമപഞ്ചായത്തിലെ താൽക്കാലിക സ്വീപ്പർ ശ്രീ. ഈശ്വരൻ. പി. യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1987/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/10/2020**

---

പരാമർശം:- 1 25.11.2005 ലെ സഉ(പി) നം. 501/2005/ധന ഉത്തരവ്

2 05.03.2016 ലെ 19/2016/ധന നമ്പർ സർക്കുലർ

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.4.2019 ലെ OA(EKM) 2001/2017 നം. ഉത്തരവ്

4 പഞ്ചായത്ത് ഡയറക്ടറുടെ 03.7.2019, 24.8.2019 തീയതികളിലെ E9/34011/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതൂർ ഗ്രാമപഞ്ചായത്തിലെ താൽക്കാലിക സ്വീപ്പർ ശ്രീ. ഈശ്വരൻ. പി. ഫയൽ ചെയ്ത OA(EKM) 2001/2017 നമ്പർ ഹർജിയിൽ പരാമർശം (3) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ചുവടെ പറയും പ്രകാരം നിർദേശിച്ചു.

"....... In so far as a proposal is pending consideration before the third respondent, the third respondent shall forward the same to the second respondent (if not already done) within a period of two weeks. The applicant shall prefer a representation before the second respondent within two weeks from the date of receipt of a copy of this order. On receipt of such a representation and the proposal, the second respondent shall pass appropriate orders thereon within a period of four months there from and if orders of the first respondent are required, the matter shall be placed before the first respondent. The second respondent shall however ensure that orders are issued within the time limit prescribed herein."

പുതൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീ. ഈശ്വരൻ. പി. യെ സ്ഥിരപ്പെടുത്തുന്നതിന് 21/12/2017 തീയതിയിൽ 11(4) നമ്പരായി ഗ്രാമപഞ്ചായത്ത് വീണ്ടും തീരുമാനമെടുത്തതായും അതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ രേഖകൾ ലഭ്യമാക്കിയതായും പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും 328.19 ച.മീ സ്വീപ്പിംഗ് ഏര്യ ഉള്ള പുതൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക അനുവദനീയമാണെന്നും പുതൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തിക 2000-മാണ്ട് ജൂൺ മാസം മുതൽ ഒഴിഞ്ഞ്കിടന്നതിനെതുടർന്ന് പ്രസ്തുത തസ്തികയിൽ ശ്രീ. ഈശ്വരൻ. പി. യെ 28/07/2000 മുതൽ പഞ്ചായത്ത് തീരുമാന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായിട്ടുള്ളതെന്നും ടി സാഹചര്യത്തിൽ ശ്രീ. ഈശ്വരൻ. പി. യുടെ സേവനം ക്രമവൽക്കരിക്കുന്നത് സർക്കാർ തലത്തിൽ പരിഗണിക്കുന്നതിനായി പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവ് വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് ആളിനെ നിയമിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതുവരെയും അതിനുള്ള നടപടി എടുക്കാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള വീഴ്ചയാണ്. പരാമർശം (2) ലെ സർക്കുലർ പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷ

സ്വീകരിക്കുന്ന അവസാന തീയതി 05.3.2016 ആണ്. ആയതിനാൽ ശ്രീ. ഈശ്വരൻ. പി യെ സ്ഥിരപ്പെടുത്താൻ ടി സർക്കുലർ പ്രകാരം നിർവാഹമില്ല.

മേൽ സാഹചര്യത്തിൽ പുതൂർ ഗ്രാമപഞ്ചായത്തിലെ താല്ക്കാലിക സ്വീപ്പർ ശ്രീ. ഈശ്വരൻ. പി യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് കൊണ്ടും അപ്രകാരം പരാമർശം (3) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പാലിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണൽ സെക്രട്ടറി**

ശ്രീ. ഈശ്വരൻ. പി, താൽക്കാലിക സ്വീപ്പർ, പുതൂർ ഗ്രാമപഞ്ചായത്ത് (പുതൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.

സെക്രട്ടറി, പുതൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. DEV-1/276/2019-FIN തീയതി 30.12.2019 പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/152/2017-LSGD/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ